**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5974** **09-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേർ ഈ ചിട്ടിയിൽ പങ്കാളികളായിട്ടുണ്ടെന്നും ഇതിലൂടെ എത്ര രൂപ സമാഹരിക്കാൻ സാധിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി പദ്ധതി ആരംഭിച്ചിട്ടുണ്ട്. 30.06.2024 വരെയുള്ള കണക്ക് പ്രകാരം 101695 പേർ വിവിധ ചിട്ടികളിൽ ചേർന്നിട്ടുണ്ട്. 1163.59 കോടി രൂപ KIIFB -യിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (ബി) | മറ്റ് ചിട്ടികളിൽ നിന്നും വ്യത്യസ്തമായി ഈ ചിട്ടിക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ചിട്ടി പണം ജാമ്യം കൊടുത്ത് കൈപ്പറ്റിയ ചിറ്റാളന് ജീവഹാനി സംഭവിച്ചാൽ 10 ലക്ഷം രൂപ വരെ മേൽ ബാധ്യത കെ.എസ്.എഫ്.ഇ ഏറ്റെടുക്കും.<br><br>10,000 രൂപയും അതിനുമുകളിലും മാസത്തവണയുള്ള ചിട്ടികളിൽ ചേരുന്നവർക്ക് കേരള പ്രവാസി ക്ഷേമനിധി ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ പദ്ധതിയുടെ പ്രതിമാസ പ്രീമിയം (350 രൂപ വരെ), കെ.എസ്.എഫ്.ഇ അടയ്ക്കുന്നതാണ്. ഈ പദ്ധതി 02.12.2022 മുതൽ രജിസ്റ്റർ ചെയ്ത ചിട്ടികൾക്ക് ബാധകമല്ല. |
| (സി) | പ്രസ്തുത ചിട്ടിക്ക് വേണ്ടി പ്രചാരണ പരസ്യ പ്രവർത്തനങ്ങൾക്ക് കെ.എസ്.എഫ്.ഇ. ഇതിനകം എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | പ്രവാസി ചിട്ടിയുടെ പ്രചാരണ പരസ്യ പ്രവർത്തനങ്ങൾക്ക് വേണ്ടി കെ.എസ്. എഫ്.ഇ 2023-24 സാമ്പത്തിക വർഷം വരെ 4.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ